ഷ്യാവകാശ ലംഘനം തുടങ്ങി മനുഷ്യാവകാശ കമ്മിഷന്റെ അധികാര പരിധിയിൽ വരുന്നതും അല്ലാത്തതുമായ പരാതികളും ലഭിച്ചിട്ടുണ്ട്.

(സി) 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിൻ പ്രകാരം നിലവിൽ വന്നിട്ടുള്ളതാണ് രണ്ട് കമ്മിഷനുകളും. ഒന്ന് മറ്റൊന്നിന്റെ കീഴിലല്ലാ പ്രവർത്തിക്കുന്നത്. ഭരണഘടനയുടെ ഏഴാം പട്ടികയുടെ ലിസ്റ്റ് 11, 111 എന്നിവകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയങ്ങളിലെ മനുഷ്യാവകാശധ്വംസനങ്ങളെക്കുറിച്ച് മാത്രമേ സംസ്ഥാന മനുഷ്യാവകാശ കമ്മിഷന് അന്വേഷണം നടത്താൻ അധികാരമുള്ളൂ.

(ഡി) കമ്മിഷന്റെ പ്രവർത്തനം തുടങ്ങിയതുമുതൽ പ്രവർത്തനങ്ങളെക്കുറിച്ചും അധികാരങ്ങളെക്കുറിച്ചും ജനങ്ങളിൽ വ്യാപകമായി ബോധവൽക്കരണം നടത്തിവരുന്നു. പത്ര മാധ്യമങ്ങളിൽ കൂടിയും ടെലിവിഷൻ, റേഡിയോ തുടങ്ങിയ മാധ്യങ്ങളിൽ കൂടിയുള്ള ബഹുമുഖ പരിപാടികൾ ഇതിനകം തന്നെ നടത്തിയിട്ടുണ്ട്. പഞ്ചായത്ത്തലത്തിൽവരെ സർക്കാരിന്റെ സഹായത്തോടുകൂടി മനുഷ്യാവകാശത്തിന്റെ സന്ദേശം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും നാഷണൽ സർവ്വീസ് സ്കീം വഴി ഏകദേശം ആയിരത്തോളം ക്യാമ്പുകൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. ഇനിയും പ്രവർത്തനങ്ങൾ തുടരുന്നതാണ്. സെമിനാറുകൾ, പബ്ലിക്കേഷനുകൾ തുടങ്ങിയവയുടെ പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്.

18 (1609) മനുഷ്യാവകാശ കോടതികൾ

ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മനുഷ്യാവകാശ കോടതികൾ കേരളത്തിൽ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമം 30-ാം വകുപ്പനുസരിച്ച് മനുഷ്യാവകാശലംഘനകുറ്റങ്ങളിൽ വിചാരണ ത്വരിതപ്പെടുത്തുവാൻ, മനുഷ്യാവകാശ കോടതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഹൈക്കോടതിയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം മേൽ നടപടി സ്വീകരിക്കുന്നതാണ്.

19 (1610) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 55 വയസ്സിൽ കൂടുതലായി ഉയർത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly